# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.456** **03.03.2020-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ചിട്ടി</u>**

| **ചോദ്യം**<br><br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി പ്രഖ്യാപിച്ചത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 കേരള ബഡ്ജറ്റിലാണ് പ്രവാസി ചിട്ടി എന്നൊരാശയം മുന്നോട്ടു വെച്ചത് . |
| (ബി) | പ്രസ്തുത ചിട്ടി വഴി പ്രവാസി മലയാളികളിൽ നിന്ന് ഓരോ വർഷവും എത്ര രൂപ സമാഹ രിക്കാമെന്നാണ് ലക്ഷ്യമിട്ട തെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ വർഷവും ഇത്ര രൂപ സമാഹരിക്കാമെന്ന ലക്ഷ്യമല്ല മറിച്ച 2021 -ഓട് കൂടി 10000 കോടി രൂപയുടെ വിറ്റുവരവിലെത്തുക എന്ന ബൃഹത് ലക്ഷ്യമാണ് പ്രവാസി ചിട്ടി ലക്ഷ്യമിടുന്നത് . |
| (സി) | ചിട്ടി പ്രഖ്യാപിച്ചത് മുതൽ ഇന്നേ വരെ എത്ര രൂപ പ്രവാസി മലയാളികളിൽ നിന്ന് സമാഹരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാ ക്കാമോ; | (സി) | പ്രവാസി ചിട്ടി പ്രഖ്യാപിച്ചത് മുതൽ ഇന്നേ വരെ (27.02.2020) 149.10 കോടി രൂപ പ്രവാസി മലയാളികളിൽ നിന്നും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ചിട്ടിയോട് പ്രവാസി മലയാളികളിൽ നിന്നും തണുത്ത പ്രതികരണമാണ ണ്ടായതെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്ത മാക്കാമോ; | (ഡി) | പൂർണമായും ഓൺലൈൻ സംവിധാനങ്ങളോടെ 2018 നവംബർ മാസം മാത്രമാണ് ഈ പദ്ധതി തുടങ്ങാനായത്. തുടക്കത്തിൽ സാങ്കേതികമായി ചില പോരായ്മകൾ ഉണ്ടായിരുന്നത് പരിഹരി ക്കുകയും പ്രവാസി ചിട്ടി വിജയകരമായി അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിലേക്ക മുന്നേറുകയു മാണ്. |
| (ഇ) | പ്രവാസി ചിട്ടി പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാ ണെന്നും അതിനുവേണ്ടി വരുന്ന ചെലവ് എന്താണെന്നും വ്യക്ത മാക്കാമോ; ഏത് ഗൾഫ് രാജ്യത്ത് നിന്നാണ് പ്രവാസി | (ഇ) | പ്രവാസി ചിട്ടിയുടെ നടത്തിപ്പ് ചുമതല പൂർണ മായും കെ.എസ് .എഫ്.ഇ. യിൽ നിക്ഷിപ്തമാണ്. അതിനു വേണ്ട ഓഫീസ് സംവിധാനങ്ങൾ, സോഫ്റ്റ്വെയർ & ഹാർഡ്‌വെയർ പിന്തുണകൾ, പ്രത്യേക കാൾ സെന്റർ സൗകര്യങ്ങൾ, സ്റ്റാഫിന്റെ ശമ്പളം, പ്രവാസി ചിട്ടി ജനങ്ങളിലേ |

| | | | |
|---|---|---|---|
| • | ചിട്ടി പദ്ധതിയിലേക്ക് കൂടുതൽ പണം സമാഹരിക്കാൻ കഴിഞ്ഞതെന്നും മറ്റു രാജ്യങ്ങളിൽ നിന്ന് ഇതേവരെ സമാഹരിക്കാൻ കഴിഞ്ഞ തുക എത്രയാണെന്നും വ്യക്തമാക്കാമോ? | | ക്കെത്തിക്കാനുള്ള ഉപാധികൾ എന്നിവയാണ് പ്രധാനമായും പ്രവാസി ചിട്ടി നടത്തിപ്പിനുണ്ടാകുന്ന ചെലവുകൾ. യു .എ .ഇ യിൽ നിന്നാണ് പ്രവാസി ചിട്ടി പദ്ധതിയിലേക്ക് ഏറ്റവും കൂടുതൽ പണം സമാഹരിക്കാൻ കഴിഞ്ഞത്, 102.18 കോടി രൂപ. മറ്റു രാജ്യങ്ങളിൽ നിന്നും പ്രവാസി ചിട്ടിക്ക് 46.92 കോടി രൂപയാണ് (27.02.2020 ലെ കണക്കുകൾ പ്രകാരം) സമാഹരിക്കാൻ കഴിഞ്ഞത്. |

Puja

സെക്ഷൻ ഓഫീസർ